**കണ്ണൂർ സർവ്വകലാശാല**

**(സിംഗിൾ വിൻഡോ )**

അക്കാഡ്/SWC/6734/2020 തീയതി: 06.11.2020

**പ്രസിദ്ധീകരണത്തിന്**

**ബിരുദാനന്തരബിരുദ പ്രവേശനം -മൂന്നാം അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

ബിരുദാനന്തര ബിരുദ ഏകജാലക പ്രവേശനത്തിനുള്ള മൂന്നാം അലോട്മെന്റ് പ്രസിദ്ധീകരിച്ചു. അലോട്മെന്റ് ലഭിച്ച അപേക്ഷകർ സർവകലാശാല ഫീസ് SBI Collect മുഖാന്തരം മാത്രം അടക്കുകയും ഫീസ് അടച്ച വിവരങ്ങൾ നിർബന്ധമായും വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അപ് ലോഡ് ചെയ്യേണ്ടതുമാണ്. അല്ലാത്ത പക്ഷം ലഭിച്ച അലോട്മെന്റ് റദ്ദാക്കുന്നതായിരിക്കും. നേരത്തെ ഫീസ് അടച്ച അപേക്ഷകർ വീണ്ടും ഫീസ് അടക്കേണ്ടതില്ല.

**കോളേജ് പ്രവേശനം**

മൂന്നാം അലോട്മെന്റ് ലഭിക്കുന്ന അപേക്ഷകർ 2020 നവംബർ 9 ന് അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അലോട്മെന്റ് മെമ്മോ വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്മെന്റ് മെമ്മൊയോടൊപ്പം താഴെ കൊടുത്തിരിക്കുന്ന രേഖകളും പ്രവേശന സമയത്ത് അതാത് കോളേജുകളിൽ ഹാജരാക്കേണ്ടതാണ്.

1) ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് .

2) രജിസ്ട്രേഷൻ ഫീസ്, സർവകലാശാല ഫീസ് എന്നിവ SBI Collect വഴി ഓൺലൈനായി അടച്ചതിന്റെ പ്രിന്റൗട്ട്

3) യോഗ്യത പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ്

4) ജനന തിയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്

5) വിടുതൽ സർട്ടിഫിക്കറ്റ്

6) കോഴ്സ് & കോണ്ടക്ട് സർട്ടിഫിക്കറ്റ്

7)അസ്സൽ കമ്യൂണിറ്റി/ ഇ.ഡബ്ല്യൂ.എസ് സർട്ടിഫിക്കറ്റ്

8) അസ്സൽ നോൺ ക്രീമിലയർ സർട്ടിഫിക്കറ്റ് (SEBC വിഭാഗങ്ങൾക്ക്)

9)ഗ്രേസ് മാർക്ക് ലഭിക്കുന്നതിനാവശ്യമായ അസ്സൽ സർട്ടിഫിക്കറ്റ്

10) കേരളത്തിന് പുറത്തുള്ള സർവകലാശാലയിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി ഡിഗ്രി പൂർത്തിയാക്കിയവരും കേരളത്തിൽ നിന്നോ പുറത്തുള്ള സർവകലാശാലയിൽ നിന്നോ വ്യത്യസ്ത നാമകരണത്തിൽ ബിരുദം പൂർത്തിയായവരും കണ്ണൂർ സർവകലാശാലയുടെ റെക്കഗ്നിഷൻ / ഇക്വിവാലെൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

11) അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ

കൂടുതൽ വിവരങ്ങൾക്ക് 0497-2715261, 0497-2715284 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ് .

ഒപ്പ്/-

രജിസ്ട്രാർ (i/c)

പരീക്ഷ കൺട്രോളർക്ക് വേണ്ടി

സ്വീകർത്താവ്:

1.പി.ആർ.ഒ

2.IT CELL

3.അന്വേഷണം

4.വെബ് മാനേജർ